# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *303 10.05.2017 -ൽ മറുപടിക്ക്

### മാതൃഭാഷ നിർബന്ധമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | കോടതി ഭാഷയും അദ്ധ്യയന ഭാഷയും മാതൃഭാഷയാക്കുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | എ) | കേരളത്തിൽ ഹൈക്കോടതിയുടേയും എല്ലാ കീഴ്ക്കോടതികളുടേയും വിധിപ്രസ്താവം ഉൾപ്പെടെയുള്ള കോടതികാര്യങ്ങളെല്ലാം മലയാളത്തിലായിരിക്കുന്നതിന് വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 24.05.1985 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് ശ്രീ.കെ.കെ. നരേന്ദ്രൻ അധ്യക്ഷനായി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു.<br><br>സാധാരണ ഗതിയിൽ എല്ലാ സ്കൂളിലേയും ബോധനരീതി മലയാളമായിരിക്കണമെന്ന് കെ.ഇ.ആർ അധ്യായം VIII, റൂൾ 7(1) ൽ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ ചെയ്യുന്നുണ്ട്. മാതൃഭാഷാപഠനത്തിന്റെ നിലവിലുള്ള അവസ്ഥ, ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി ഡോ.ആർ.വി.ജി.മേനോൻ അധ്യക്ഷനായുള്ള ഒരു കമ്മിറ്റിയും, ഇതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രൊഫ. ഒ.എൻ.വി.കുറുപ്പ് അധ്യക്ഷനായ ഒരു സമിതിയും രൂപീകരിച്ചിരുന്നു. |
| **ബി** | ഭരണഭാഷ മലയാളമാക്കുന്നതോടൊപ്പം ഭരണരംഗത്തേക്ക് തെരഞ്ഞെടുക്കാൻ പി.എസ്.സി നടത്തുന്ന പരീക്ഷകൾ മാതൃഭാഷാപ്രയോഗ പ്രാവീണ്യം കൂടി പരിശോധിക്കുന്ന രീതിയിൽ മാറ്റം വരുത്താൻ നടപടിയെടുക്കുമോ; | **ബി** | മാതൃഭാഷാ പ്രയോഗ പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ പി.എസ്.സി പരീക്ഷയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം പി.എസ്.സി സ്വീകരിച്ചിട്ടുണ്ട്. കമ്പനി/കോർപ്പറേഷൻ/ബോർഡ്/സെക്രട്ടറിയേറ്റ് / പി.എസ്.എസി അസിസ്റ്റന്റ് (ബിരുദതല പരീക്ഷകൾക്ക്) മലയാളം, തമിഴ്, കന്നട എന്നീ ഭാഷകളിൽ പത്തു മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്താനും എൽ.ഡി.സി, എൽ.ജി.എസ് തസ്തികകൾക്ക് നിലവിലെ ഭാഷാ ചോദ്യങ്ങളുടെ രീതി തുടരാനും പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പി.എസ്.സി ചോദ്യങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലെ ചോദ്യങ്ങൾക്കൊപ്പം മലയാളം/കന്നട/തമിഴ് |

| | | | |
|---|---|---|---|
| | | | ഭാഷകളിൽ കൂടി ചോദ്യങ്ങൾ ഉൾപ്പെടുത്താൻ 03.05.2017 ൽ മുഖ്യമന്ത്രിയും പി.എസ്.സി ചെയർമാനും പങ്കെടുത്ത യോഗം തീരുമാനിച്ചിട്ടുണ്ട്. |
| സി | പ്രീ.പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസം മാതൃഭാഷയിൽ മാത്രമേ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | സി | പ്രീപ്രൈമറി വിദ്യാഭ്യാസത്തിൽ മാതൃഭാഷ ബോധനമാധ്യമമായി സ്വീകരിക്കണം എന്ന എസ്.സി.ഇ.ആർ.ടി യുടേയും കരിക്കുലം കമ്മിറ്റിയുടെയും നിർദ്ദേശം സർക്കാർ അംഗീകരിച്ച് 11.08.2014 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ടവർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാളം ഒരു നിർബന്ധ ഭാഷയായി പഠിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന 2017 ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ